## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **17-03-2022 - ൽ മറുപടിയ്ക്ക്**

## കാർഷിക സ്വർണ്ണ പണയ വായ്പയുടെ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **null**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിൽ കാർഷിക സ്വർണ്ണ പണയ വായ്പക്ക് സബ്സിഡി ലഭിക്കാൻ കാലതാമസം വരുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള ബാങ്കിൽ നിന്നും അനുവദിച്ച് വരുന്ന സ്വർണ്ണപണയ കാർഷിക വായ്പകളിൽ കൃത്യമായി തിരിച്ചടവ് വരുന്ന വായ്പകളിൽ 3% പലിശ സബ്സിഡി നബാർഡിൽ നിന്നും ക്ലെയിം അനുവദിച്ച് നൽകുന്ന മുറയ്ക്കാണ് ഇടപാടുകാർക്ക് നൽകിയിരുന്നത്. ഇപ്പോൾ സബ്സിഡി യഥാസമയം വായ്പക്കാർക്ക് നൽകി വരുന്നു. |
| (ബി) | സർക്കാരിൽ നിന്നും സബ്സിഡി ആനുകൂല്യം ലഭിക്കുന്നത് വരെ കാത്തു നിൽക്കാതെ സമയബന്ധിതമായി സബ്സിഡി ആനുകൂല്യം വായ്പക്കാർക്ക് അനുവദിച്ച് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നബാർഡിൽ നിന്നും പലിശ സബ്സിഡി അനുവദിച്ച് വരുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, ബാങ്കിന്റെ 13.01.2022-ലെ ഭരണസമിതി തീരുമാനപ്രകാരം, വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന സമയത്തു തന്നെ സബ്സിഡി അനുവദിച്ചു നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ